പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 356 12.06.2012-ൽ മറുപടിയ്ക്ക്

ഊർജ്ജ ഉല്പാദനവും വിതരണവും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ പ്രതിദിന ഊർജ്ജ ഉല്പാദനവും വിതരണവും തമ്മിലെ അന്തരം എത്രയാണ് ;

(എ) 2012 ജൂൺ മാസത്തിൽ 4-ാം തീയതി വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഊർജ്ജ ഉൽപ്പാദനം 23•6737 ദശലക്ഷം യൂണിറ്റും, വിതരണം (ഉപഭോഗം) 58.62 ദശലക്ഷം യൂണിറ്റും ആണ്. പ്രതിദിന ഊർജ്ജ ഉല്പാദനവും വിതരണവും തമ്മിലുള്ള അന്തരം 34.9446 ദശലക്ഷം യൂണിറ്റ് ആണ്.

(ബി) പ്രതിദിന ഉപഭോഗത്തിലെ അന്തരം നികത്തുന്നത് ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അന്തരം നികത്തുന്നതിനുള്ള മാർഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| കേന്ദ്ര വിഹിതം | 25.5420 ദശലക്ഷം യൂണിറ്റ് |
| മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള പർച്ചേസ് | 9.4026 ദശലക്ഷം യൂണിറ്റ് |
| ആകെ | 34.9446 ദശലക്ഷം യൂണിറ്റ്. |

(സി) ഇപ്പോൾ വൈദ്യുതി മറ്റു സംസ്ഥാനങ്ങൾക്ക് വില്ക്കുന്നുണ്ടോ ; എങ്കിൽ എത്ര അളവിലെന്നും, എന്തു വിലയ്ക്കാണെന്നും വിശദമാക്കുമോ? ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ.